"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ബഹു.കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.വി.റ്റി.അബ്ദുൽ മജീദ് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സിവിൽ)നം.30991/2022-ൻ മേലുള്ള 10.09.2024 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1040/2025/PWD തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:-

1. 27.01.2018 തീയതിയിലെ സഉ(അച്ചടി)നം.2/2018/പൊമവ
2. റിട്ട് പെറ്റീഷൻ (സിവിൽ)നം.30991/2022- ൻമേലുള്ള 10.09.2024 തീയതിയിയിലെ വിധിന്യായം.
3. 07.05.2024, 02.08.2024 തീയതികളിലെ ഡി1/60/2024/പൊമവ നമ്പർ കത്തുകൾ.

4 28.11.2024 തീയതിയിലെ ഡി1/60/2024/പൊമവ നമ്പർ കത്ത്.

5 ശ്രീ.വി.റ്റി.അബ്ദുൽ മജീദിന്റെ 29.01.2025 തീയതിയിലെ നിവേദനം.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സർക്കാറിനു കീഴിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവഹിച്ച വകയിൽ ജി.എസ്.റ്റി റീഇംബേഴ്സ് ചെയ്ത് ലഭിക്കുന്നതിനായി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.വി.റ്റി.അബ്ദുൽ മജീദ് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ(സിവിൽ)നം.30991/2022 തീർപ്പാക്കിക്കൊണ്ട് 10.09.2024 തീയതിയിൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

**"Having heard the learned counsel for the petitioner and the learned Senior Government Pleader and having regard to the limited nature of the relief now sought for, these writ petitions will stand disposed of directing that if the petitioner were to file a suitable representation before the Secretary to Government (PWD), the said officer shall consider the claim in accordance with the law and also taking note of the circulars referred to above if such circular is applicable in the facts of the**

case. I make it clear that I have not expressed any opinion on the merits of the matter and it is open to the secretary, PWD / competent authority to decide the claim in accordance with the law."

2) സർക്കാറിനുവേണ്ടി കരാറുകാർ നിർവഹിക്കുന്ന പ്രവ്യത്തികൾക്ക് ജി.എസ്.റ്റി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നികുതി വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം സ്പഷ്ടീകരണം നൽകിയിരുന്നു. പ്രസ്തുത സ്പഷ്ടീകരണം ജി.എസ്.റ്റി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം (1) പ്രകാരമുള്ള ഉത്തരവിന് വിരുദ്ധമാണെന്ന് പിന്നീട് മനസ്സിലാക്കിയതിനെത്തുടർന്ന് ആ രണ്ട് കത്തുകളും റദ്ദാക്കിക്കൊണ്ട് പരാമർശം (4) പ്രകാരം സ്പഷ്ടീകരണം പുറപ്പെടുവിച്ചിരുന്നു. പരാമർശം (3) പ്രകാരം നൽകിയ സ്പഷ്ടീകരണം പരാമർശം (4) പ്രകാരം റദ്ദാക്കിയിട്ടുള്ളതിനാൽ ജി.എസ്.റ്റി റീഇംബേഴ്സ് ചെയ്ത് ലഭിക്കുന്നതിനായി ശ്രീ.വി.റ്റി.അബ്ദുൽ മജീദ് പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിക്കാനാവില്ല. ഈ സാഹചര്യത്തിൽ പരാതിക്കാരന്റെ ആവശ്യം നിരസിച്ചുകൊണ്ടും, ബഹു.കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.വി.റ്റി.അബ്ദുൽ മജീദ് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സിവിൽ)നം.30991/2022- ൻമേലുള്ള 10.09.2024 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ശ്രീ.വി.റ്റി.അബ്ദുൽ മജീദ്,മേലേപ്പുരയ്ക്കൽ ഹൗസ്,
കടുങ്ങല്ലൂർ,പുലിയക്കോട് പി.ഒ,പിൻ-673641.
അഡ്വക്കേറ്റ് ജനറൽ,കേരള, എറണാകുളം (ആവരണക്കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ,നിരത്തുകൾ/പാലങ്ങൾ വിഭാഗം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി ആർഡി
കരുതൽ ഫയൽ/ഡി1/ 56/2025/പൊമവ

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 14-07-2025 18:18:43
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് മന്ത്രിയുടെ പി എസ്.ന്
പൊതുമരാമത്ത് സെക്രട്ടറിയുടെ സി എയ്ക്ക്